g. യിത്രൊ മിദ്യാനിലെ പുരോഹിതൻ. അ.18
(വെളിപ്പാടിന് എതിരായ ലോകജ്ഞാനം)

**IV ന്യായപ്രമാണം (ത്യജിക്കൽ) അ.19-24**

a. സീനായ് മലയിൽ എത്തുന്നു - ന്യായപ്രാണം സ്വീകരിക്കാനുള്ള ഉടമ്പടി - അ.19.

b. പത്തു കല്പനകൾ - യാഗപീഠത്തിന്റെ ക്രമം - അ.20

c. സാമൂഹ്യ നിയമ നിർമ്മാണം - അ.21-24.

**V സമാഗമന കൂടാരത്തിന്റെ രൂപരേഖയും നിർമ്മാണവും അ.25-40**

(ക്രിസ്തുവിന്റെ മാതൃകയും ചിത്രവും)

a. സമാഗമന കൂടാരത്തിന്റെ രൂപരേഖ - മഹാപുരോഹിതനുള്ള വസ്ത്രത്തിന്റെ മാതൃക - അ.25-30

b. സമാഗമനകൂടാരം നിർമ്മിക്കുന്നവർ - ശാബത് യിസ്രായേലിനുള്ള ഒരു അടയാളം - അ.31

c. സ്വർണ്ണ കാളക്കുട്ടി - നിയമലംഘനം - മോശെയുടെ മധ്യസ്ഥത - രണ്ടാമത്തെ കല്പലകകൾ - അ.32-35

d. സമാഗമന കൂടാരത്തിന്റെ നിർമ്മാണം - അ.36-39

e. സമാഗമന കൂടാരം ഉയർത്തുന്നു - യഹോവയുടെ മഹത്വം കൊണ്ടു നിറയുന്നു അ. 40

പുറപ്പാട് ദുഃഖത്തിൽ ആരംഭിച്ച് മഹത്വത്തിൽ അവസാനിക്കുന്നു.

---

*ശ്രവിപ്പിൻ ട്രാൻസ്‌വേൾഡ് റേഡിയോ - ഇന്ത്യയുടെ മലയാള പരിപാടികൾ,*
*MW 340 മീറ്ററിൽ ഓരോ പ്രഭാതത്തിലും 5.00 മുതൽ, ശനിയാഴ്ച*
*വൈകിട്ട് 9.45 നും ഞായറാഴ്ച രാവിലെ 6.30 നും പതിവായി ശ്രവിക്കുക.*
*സ്നേഹിതർക്കും പരിചയപ്പെടുത്തുക. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.*

---

ജീവസന്ദേശം പോസ്റ്റ് ബോക്സ് നമ്പർ-3, മഞ്ഞാടി പി.ഒ. തിരുവല്ല - 5, കേരളം
ഫോൺ : 0469 - 2700284

## ട്രാൻസ് വേൾഡ് റേഡിയോ ഇൻഡ്യയുടെ

# ജീവസന്ദേശം

## റേഡിയോ ബൈബിൾ പഠനം

# പുറപ്പാട്

### എഴുത്തുകാരൻ : മോശെ

ഉൽപത്തി പുസ്തകത്തിൽ ആരംഭിച്ച ചരിത്രം പുറപ്പാടിൽ തുടരുന്നെങ്കിലും ഇവയ്ക്കിടയിൽ കുറഞ്ഞപക്ഷം മൂന്നര നൂറ്റാണ്ട് കാലയളവുണ്ട്. ഉല്പത്തി 15:13 ൽ അബ്രഹാമിന്റെ സന്തതി അന്യദേശത്തു 400 വർഷം പാർക്കുമെന്നു പറയുന്നുണ്ട്. പിതാക്കന്മാരുടെ കാലഘട്ടത്തിന്റെ കാലനിർണ്ണയത്തേക്കുറിച്ചു ഉറപ്പിച്ചു പറയുക ബുദ്ധിമുട്ടാണ്. പുറപ്പാടിനെ ഉല്പത്തിയുടെ അനന്തര കഥ (Sequel) എന്നു വിളിക്കപ്പെടുന്നുണ്ട്. ഡോ. ജി. കാംബെൽ മോർഗൻ എഴുതി "പുറപ്പാടിൽ ഒന്നും ആരംഭിക്കുകയോ അവസാനിക്കുകയോ ചെയ്യുന്നില്ല."

**ദൂത്:** പുറപ്പാട് എന്നതിന് 'പുറത്തേയ്ക്ക് ' എന്നാണർത്ഥം. രക്തത്താലും ശക്തിയാലും ഉള്ള വീണ്ടെടുപ്പ് എന്ന ഇതിന്റെ സന്ദേശം. എബ്രാ.11:23-29 ൽ വിവരിച്ചിട്ടുണ്ട്.

താക്കോൽ വാക്യം: **പുറ.20:2.**

മുഖവുര: യാക്കോബിന്റെ ഭവനക്കാരായ എഴുപതു പേരാണ് മിസ്രയിമിൽ പ്രവേശിച്ചത് (ഉല്പ.46:27). പുറപ്പാടിൽ അവർ മിസ്രയിം വിടുമ്പോൾ, അത് 2,100,000 ആയി വർദ്ധിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു ശവപ്പെട്ടിയുടെ വിവരണത്തോടെ ഉല്പത്തിപുസ്തകം അവസാനിക്കുമ്പോൾ പുറപ്പാടു പുസ്തകം തുടങ്ങുന്നത് ദൈവീകപ്രവർത്തനങ്ങളുടെ കാര്യപരിപാടിയുടെ ആരംഭത്തോടെയാണ്.

*അടിമത്വത്തിലായിരുന്നു തന്റെ ജനത്തെ വിടുവിപ്പാൻ ദൈവം കൃപയിൽ ഇറങ്ങിവരുന്നതിന്റെ വിവരണത്തോടെ ആരംഭിക്കുന്ന ഈ പുസ്തകത്തിൽ വീണ്ടെടുക്കപ്പെട്ട തന്റെ ജനത്തിനു മദ്ധ്യത്തിൽ വസിക്കുന്നതിനായി ദൈവം മഹത്വത്തോടെ ഇറങ്ങി വരുന്നതായി കാണുന്നു. തന്റെ ജനത്തെ വിടുവിപ്പാൻ ദൈവം ഉപയോഗിച്ച മോശെയുടെ ജീവിതത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം.*

*1. 40 വർഷം മിസ്രയിമിൽ ഫറവോന്റെ കൊട്ടാരത്തിൽ*

*2. 40 വർഷം മിദ്യാനിലെ മരുഭൂമിയിൽ*

*3. 40 വർഷം യിസ്രായേലിന്റെ നായകനായി മരുഭൂമിയിൽ*

*മിസ്രയിമിലെ പരിശീലനം മൂലം യിസ്രയേല്യരെ മിസ്രയീമിൽനിന്നു പുറത്തുകൊണ്ടു വരുന്നതിനോ ദൈവത്തെ അനുഗമിക്കുന്നതിനോ മോശെയ്ക്ക് കഴിഞ്ഞില്ല. തനിക്കു തന്നെ യിസ്രായേല്യരെ വിടുവിപ്പാൻ കഴയില്ലെന്ന് ബോദ്ധ്യപ്പെടുത്തുന്നതിനായി 40 വർഷം ദൈവം അവന് മരുഭൂമിയിൽ പരിശീലനം നൽകി. ദൈവം മോശെയ്ക്ക് അവിടെ വച്ച് ഒരു ബി.ഡി. ഡിഗ്രി നൽകി* (Backslide of the desert). *മിസ്രയിമിലെ ജ്ഞാനം ഇന്നും പര്യാപ്തമല്ല (അപ്പൊ.7:22).*

*ദൈവം മോശെയെ ഒരുക്കിയതിനുശേഷം 40 വർഷം കഴിഞ്ഞ് അവനെ മിസ്രയിമിലേക്കയച്ചു. അവൻ യിസ്രായേലിലെ മൂപ്പന്മാരുമായി ചേരുകയും ഫറവോന്റെ അടുക്കൽ ചെല്ലുകയും ചെയ്തു. യിസ്രയേലിനെ വിട്ടയപ്പാൻ ഫറവോൻ സമ്മതിക്കില്ല. അവന്റെ തിരസ്കരണം ദൈവവും മിസ്രയിമിലെ ദൈവങ്ങളും തമ്മിലുള്ള ഒരു മത്സരത്തിനു കാരണമായി. ഫറവോൻ മിസ്രയിം ദൈവങ്ങളുടെ ഒരു പ്രതിനിധി ആയിരുന്നു. മിസ്രയിം വിഗ്രഹാരാധനയുടെയും പല ദൈവങ്ങളുടെയും, കർത്താക്കന്മാരുടെയും, കേന്ദ്രമായിരുന്നു. അവിടെ ആയിരക്കണക്കിന് അമ്പലങ്ങളും പതിനായിരക്കണക്കിനു വിഗ്രഹങ്ങളും ഉണ്ടായിരന്നു. വിഗ്രഹാരാധനയ്ക്കു പിന്നിൽ സാത്താനായിരുന്നു. മിസ്രയിമിലെ മതത്തിന് ശക്തിയുണ്ടായിരുന്നു (2 തിമൊ.3:8) ഫറവോ ചോദിച്ചു "യഹോവ ആർ?" അവൻ യഹോവയെക്കുറിച്ചു കേട്ടിരുന്നില്ല (പുറ.5:2) ദൈവം തന്നെത്തന്നെ അവനു പരിചയപ്പെടുത്തി. ഫറവോൻ ദൈവത്തെ സത്യദൈവമെന്നു തിരിച്ചറിഞ്ഞു. ഫറവോൻ മോശെയേയും അഹരോനെയും വിളിച്ചു വരുത്തി പറഞ്ഞു "ഈ പ്രാവശ്യം എനിക്കു തെറ്റുപറ്റി?" (പുറ.9:27) പിന്നെയും താനതു പറഞ്ഞു (പുറ.10:16).*



*ഇവിടെ രണ്ടു കാലങ്ങൾ ശ്രദ്ധേയമാണ്.*

**A. ഈ ബാധകൾ എന്തിനായിരുന്നു?**

*മിസ്രയിമിലെ 'ദൈവ'ങ്ങളോടുള്ള ദൈവത്തിന്റെ പോരാട്ടമായിരുന്നു ഈ ബാധകൾ ഓരോന്നും (പുറ.12:12)*

1. *നദിയിലെ വെള്ളം രക്തമായി: നൈൽനദി മിസ്രയിമിന്റെ ജീവരക്തവും പുണ്യനദിയും ആയിരുന്നു.*
2. *തവള: 'ഹെക്ക' തവളത്തലയുള്ള അവരുടെ ദേവതയായിരുന്നു. അതുകൊണ്ടു തവളയെ കൊല്ലുന്നതു ദൈവത്തെ കൊല്ലുന്നതുപോലായിരുന്നു.*
3. *പേൻ: ഭൂമി ദൈവമായിരുന്നു പേൻ.*
4. *നായീച്ച: സൂര്യദേവനായ 'റാ' യ്ക്കു വിശുദ്ധമായിരുന്ന ഈച്ച. അവരുടെ ശവകുടീരങ്ങളിൽ സുവർണ്ണ ഈച്ചകളെ കണ്ടെത്തിയിട്ടുണ്ട്.*
5. *മൃഗങ്ങളുടെ വ്യാധി: മിസ്രയീം ഒരു മൃഗ ആരാധനയുടെ ദേശമായിരുന്നു. അവർ മൃഗങ്ങളെ ആരാധിച്ചിരുന്നു. അവർ ആരാധിച്ചിരുന്ന കറുത്ത കാളയായിരുന്നു എപ്പിസ്സ്* (Apis) *രോഗം പിടിച്ച ഒരു പശുവിനെ അവർ ആരാധിക്കുന്നതിനെക്കുറിച്ച് ഓന്നോർത്തു നോക്കുക!*
6. *പരു: പുരോഹിതൻ ഊനമില്ലാത്തവനാകണമായിരുന്നു. പരുക്കൾമൂലം അമ്പലത്തിൽ പൂജ ചെയ്യാൻ അവർക്കു കഴിഞ്ഞില്ല.*
7. *കൽമഴ: മഴയില്ലാത്ത ദേശമായിരുന്നു മിസ്രയീം. ഐസിസ്സ്* (Isis) *അവരുടെ അന്തരീക്ഷ ദേവതയായിരുന്നു.*
8. *വെട്ടുക്കിളി: ഇതു ദൈവത്തിന്റെ ന്യായവിധിയാണ് (യോവേലിലും വെളിപ്പാടിലും കാണുന്ന വെട്ടുക്കിളിയുമായി താരതമ്യം ചെയ്യുക).*
9. *കൂരിരുട്ട്: മിസ്രയിമ്യർ സൂര്യദേവനെ (റാ) ആരാധിക്കുന്നവരായിരുന്നു.*
10. *കടിഞ്ഞൂൽ സംഹാരം: മിസ്രയിമിലെ ആദ്യജാതന്മാർ ദൈവങ്ങളെ സേവിക്കാൻ വേർതിരിക്കപ്പെട്ടിരുന്നു.*

**B. ഫറവോന്റെ ഹൃദയം കഠിനമാക്കി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?**

*കഠിനമാക്കുക എന്ന പദത്തിന് "കയർകൊണ്ടു വരിഞ്ഞു കെട്ടുക" എന്ന ആശയമുണ്ട്. യഥാർത്ഥത്തിൽ ദൈവം ഫറവോനെ, അവന്റെ ഹൃദയ*

ത്തിനുള്ളിലുണ്ടായിരുന്നതെന്തെന്നു വെളിപ്പെടുത്തുവാൻ പുറത്തേക്കു വരുത്തുകയായിരുന്നു. അനുരഞ്ജനത്തിനോ മറച്ചുവയ്ക്കലിനോ അവനെ അനുവദിച്ചില്ല. അവന്റെ ശരിയായ ഉദ്ദേശ്യവും ചിന്താഗതിയും വെളിപ്പെടേണ്ടിയിരുന്നു. (പുറ.4:21; 7:3; 14:4; റോമർ 9:17-24 ഭാഗങ്ങൾ കാണുക).

പെസഹാ രക്തത്താലുള്ള വീണ്ടെടുപ്പിനെ സൂചിപ്പിക്കുന്നു. ദൈവം തന്റെ ജനത്തെ രക്തത്താലും ശക്തിയാലും മിസ്രയിമിൽ നിന്നും സ്വതന്ത്രമാക്കി. അവരോടു കാണിച്ച ദൈവകൃപയെ പുറ.19:4 ൽ ഇങ്ങനെ വിവരിക്കുന്നു “ഞാൻ മിസ്രയിമ്യരോടു ചെയ്തതും, നിങ്ങളെ കഴുകന്മാരുടെ ചിറകിന്മേൽ വഹിച്ച് എന്റെ അടുക്കൽ വരുത്തിയതും നിങ്ങൾ കണ്ടുവല്ലോ.” തന്റെ ജനത്തെ വിടുവിക്കുന്നതിനുള്ള ശക്തി തനിക്കുണ്ടെന്ന് അവർക്കു വെളിപ്പെടുത്തുവാൻ ദൈവം ആഗ്രഹിച്ചു.

പിന്നെ അവരുടെ സമ്മതത്തോടെ നിയമം സ്ഥാപിച്ചു. പത്തുകല്പനകൾ മോശൈക നിയമത്തിന്റെ ഒരു ഭാഗമാണ്. ഏറ്റവും ഊന്നൽ നൽകപ്പെട്ടിരുന്നത് സമാഗമനകൂടാരത്തിന്റെ നിർമ്മിതിയിലും അതിന്റെ ശുശ്രൂഷയിലുമായിരുന്നു. ദൈവാരാധനയുടെ കേന്ദ്രമായിരുന്നു യാഗങ്ങൾ. ദൈവത്തിന് അവരിൽ വസിക്കാൻ കഴിയണമെങ്കിൽ പാപം നീക്കപ്പെടണമായിരുന്നു (പുറ.25:8) സമാഗമനകൂടാരത്തിന്റെ തറയുടെ പ്ലാൻ, ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് ഓരോ വേദവിദ്യാർത്ഥിയും പഠിക്കേണ്ടതാകുന്നു.






**വിഷയവിഭജനം**

**I ഒരു വീണ്ടെടുപ്പുകാരൻ അദ്ധ്യായം 1-11**

a. യിസ്രായേൽ ജനത്തിന്റെ മിസ്രയിമിലെ അടിമത്തം അ. 1

b. മോശെയുടെ ജനനം - ആദ്യത്തെ 40 വർഷം, ഫറവോന്റെ കൊട്ടാരത്തിൽ

c. മോശെയുടെ വിളി - രണ്ടാമത്തെ 40 വർഷം മിദ്യാനിൽ (എരിയുന്ന മുൾപ്പടർപ്പ്) അ.3

d. മിസ്രയിമിലേക്കുള്ള മോശെയുടെ തിരിച്ചുവരവ്: യിസ്രായേലിന് വിടുതലിന്റെ പ്രഖ്യാപനം അ.4

e. ഫറവോനുമായുള്ള മത്സരം - അ.5

(9 ബാധകൾ മിസ്രയിമിലെ വിഗ്രഹാരാധനക്കെതിരെ, അവരുടെ ദൈവക്കൾക്കെതിരെയുള്ള പോരാട്ടം)

**II വിടുതൽ (രക്തത്താലും ശക്തിയാലും) അദ്ധ്യായം 12-14**

a. പെസഹാ സ്ഥാപനം- പത്തു ബാധകൾ, ആദ്യജാതന്റെ മരണം (രക്തം) അ.12

b. ചെങ്കടൽ കടക്കുന്നു - മിസ്രയീം സൈന്യത്തിന്റെ നാശം (ശക്തി) അ.13,14

**III സീനായ് മലയിലേക്കുള്ള പ്രയാണം (ആത്മീയ ശിക്ഷണം)**
**അ.15-18** (ക്രിസ്തീയ അനുഭവത്തോടനുബന്ധപ്പെട്ട 7 അനുഭവങ്ങൾ)

a. വീണ്ടെടുക്കപ്പെട്ടവരുടെ ഗാനം - ശൂർ മരുഭൂമിയിൽ (വീണ്ടെടുപ്പിനുശേഷം പുഷ്പമെത്തയല്ല) അ.15:1-22

b. മാറയിൽ കൈപ്പുവെള്ളം മരത്താൽ മധുരമാകുന്നു അ.15:2326. (ജീവിതത്തിലെ കൈപ്പേറിയ അനുഭവങ്ങളെ മധുരമാക്കുന്ന ക്രൂശ്)

c. ഏലിം (ഫലകരമായ ക്രിസ്തീയ അനുഭവം) അ.15:27

d. സീൻ മരുഭൂമിയിൽ - മന്നയും കാടപ്പക്ഷിയും അ.16 (ക്രിസ്തു ജീവന്റെ അപ്പം)

e. പാറയെ അടിക്കുന്നു (ആ പാറ ക്രിസ്തുവായിരുന്നു) 17:1-7

f. അമാലേക്യർ (ജഡം) 17:816
(മലമുകളിലെ വിജയം, ആവർത്തനം 25:17,18)